സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷം പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നതാണ്. ആവശ്യമായ വിഹിതം ആരോഗ്യമേഖലയ്ക്ക് നബാർഡിന്റെ ആർ.ഐ.ഡി. എഫ്.-X ൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അവശേഷിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചിട്ടില്ല.

ചികിൽസാ ധനസഹായ സൊസൈറ്റിയിൽ നിന്നും ധനസഹായം ലഭിച്ചവർ

187 [1793] *ശ്രീ. ടി. പി. രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചികിൽസാ ധനസഹായ സൊസൈറ്റിയിൽ നിന്നും സഹായത്തിനായി 2005 ജൂൺ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും, ഓരോരുത്തർക്കും അനുവദിച്ച സംഖ്യയും അറിയിക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി എന്ന് വിശദമാക്കാമോ;

(ഡി) ബാക്കി സംഖ്യ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പേരാമ്പ്ര മണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ നിന്ന് 2005 ജനുവരി ഒന്നുമുതൽ 2005 ജൂൺ 30 വരെ 71 (എഴുപത്തി ഒന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) — (ഡി) അപേക്ഷകരുടേ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.† ഫണ്ടിന്റെ അപര്യാപ്തതയാൽ അപേക്ഷകരിലാർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക

188 [1794] *ശ്രീ. വി. ചെന്താമരാക്ഷൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രിസദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം;

(സി) പ്രസ്തുത വർഷങ്ങളിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുക എത്ര വീതമാണ്;

(ഡി) ഇതിൽ ചെലവഴിച്ച തുക എത്ര; അനുവദിച്ച തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly